പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 199

# 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 199

# 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ

420/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 199

# 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ

1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012, സെപ്റ്റംബർ 22-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7-ാം വകുപ്പിന്റെ ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ (1975-ലെ 5) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിനുള്ള ക്ലിപ്ത നിബന്ധനയിൽ ''ഒരു വർഷം'' എന്ന വാക്കുകൾക്കു പകരം ''രണ്ടു വർഷം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. സാധൂകരണം.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൻ കീഴിൽ 2011 സെപ്റ്റംബർ 22-ാം തീയതിയിലെ ഇഎൽഇസി.2/2011-ാം നമ്പർ വിജ്ഞാപനം പ്രകാരം ചാൻസലർ നാമനിർദ്ദേശം ചെയ്ത സിൻഡിക്കേറ്റിന്റെ കാലാവധി അവസാനിച്ചിരുന്നാൽ തന്നെയും 2012 സെപ്റ്റംബർ 22-ാം തീയതിയിലും അതിന് ശേഷവും ഈ ഓർഡിനൻസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി വരെയും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സാധുതയോടെ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 30) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ (1975-ലെ 5) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, ചാൻസലർക്ക് പൊതുതാൽപ്പര്യാർത്ഥമോ, സർവ്വകലാശാലയുടെ ശരിയായ പ്രവർത്തന താൽപ്പര്യാർത്ഥമോ, അദ്ദേഹം ആവശ്യമെന്നു കരുതുന്ന പക്ഷം, സർവ്വകലാശാലയുടെ ഏത് അധികാരസ്ഥാനത്തേയും സസ്പെന്റ് ചെയ്യുകയോ ഡിസ്മിസ് ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്യുന്നതിനും, സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ, സർവ്വകലാശാലയുടെ ഇടക്കാല ഭരണത്തിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഡിസ്മിസ്സ് ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്യുന്ന കാര്യത്തിൽ, ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അങ്ങനെയുള്ള അധികാരസ്ഥാനം പുനർരൂപീകരിക്കുന്നതുവരെ, സർവ്വകലാശാലയുടെ ഇടക്കാല ഭരണത്തിനുവേണ്ടി നാമനിർദ്ദേശം വഴി അപ്രകാരമുള്ള ഒരു അധികാരസ്ഥാനം രൂപീകരിക്കുന്നതിനും അധികാരം നൽകുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനം, യാതൊരുകാരണവശാലും, ഒരു വർഷത്തിൽ കൂടുതൽ ഔദ്യോഗിക സ്ഥാനത്ത് തുടരാൻ പാടുള്ളതല്ല എന്നും ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വ്യവസ്ഥകളാൽ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിനെയും സിൻഡിക്കേറ്റിനെയും ബഹുമാനപ്പെട്ട കേരള ഗവർണ്ണർ പിരിച്ചുവിടുകയും, 2011 സെപ്റ്റംബർ 22-ാം തീയതിയിലെ ഇഎൽഇസി.2/2011-ാം നമ്പർ വിജ്ഞാപനപ്രകാരം 2011 സെപ്റ്റംബർ 22-ാം തീയതി മുതൽ പ്രാബല്യത്തോടെ സർവ്വകലാശാലയ്ക്ക് ഒരു സിൻഡിക്കേറ്റിനെ നാമനിർദ്ദേശം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും പ്രസ്തുത സമയപരിധിക്കുള്ളിൽ പുനർരൂപീകരിക്കപ്പെട്ടിട്ടില്ലാത്തതും, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന്റെ കാലാവധി 2012 സെപ്റ്റംബർ 21-ാം തീയതി അവസാനിക്കുകയും ചെയ്തിരിക്കുന്നു. ആയതിനാൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് രണ്ട് വർഷത്തിൽ കൂടുതലല്ലാത്ത കാലാവധി വരെയോ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് സെനറ്റ്/സിൻഡിക്കേറ്റ് പുനർ രൂപീകരിക്കപ്പെടുന്നതുവരെയോ തുടരാൻ സാധ്യമാകുന്നതിലേക്കായി 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന് ആവശ്യമായ ഭേദഗതി കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചു.

2. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ തന്നെ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, കേരള ഗവർണ്ണർ, 2012-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2012 സെപ്റ്റംബർ 30-ാം തീയതി വിളംബരപ്പെടുത്തുകയും, ആയത് 2012 ഒക്ടോബർ 1-ാം തീയതിയിലെ 1967-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 55-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച്, 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കാനോ പാസ്സാക്കാനോ കഴിഞ്ഞില്ല. 2012-ലെ 55-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2013 ജനുവരി 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2013 ജനുവരി 15-ാം തീയതിയിലെ 121-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 13-ാം നമ്പർ ഓർഡിനൻസിനായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2013 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ച്, 2013 ഫെബ്രുവരി 19-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുമായി 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2013 ഫെബ്രുവരി 27-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2013 ഫെബ്രുവരി 28-ാം തീയതിയിലെ 573-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 30-ാം നമ്പർ ഓർഡിനൻസിനായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2013-ലെ 30-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. അബ്ദു റബ്ബ്.

(ശരിത്തർജ്ജമ)

## 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1975-ലെ 5)

** ** ** **

7. ചാൻസലർ.—(1) ** ** **

(2) ** ** ** **

(3) ** ** ** **

(4) ചാൻസലർക്ക്, പൊതുതാൽപ്പര്യാർത്ഥമോ, സർവ്വകലാശാലയുടെ ശരിയായ പ്രവർത്തന താൽപ്പര്യാർത്ഥമോ ആവശ്യമെന്നുകരുതുന്നു എങ്കിൽ, സർവ്വകലാശാലയുടെ ഏത് അധികാരസ്ഥാനത്തേയും സസ്പെന്റ് ചെയ്യുകയോ ഡിസ്മിസ് ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്യാവുന്നതും, കൂടാതെ :—

(എ) സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ, സർവ്വകലാശാലയുടെ ഇടക്കാല ഭരണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതും; കൂടാതെ,

(ബി) ഡിസ്മിസ്സ് ചെയ്യുകയോ, പിരിച്ചുവിടുകയോ ചെയ്യുന്ന കാര്യത്തിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, അങ്ങനെയുള്ള അധികാരസ്ഥാനം പുനർരൂപീകരിക്കുന്നതുവരെ, സർവ്വകലാശാലയുടെ ഇടക്കാല ഭരണത്തിനുവേണ്ടി, നാമനിർദ്ദേശം വഴി അപ്രകാരമുള്ള ഒരു അധികാരസ്ഥാനം രൂപീകരിക്കാവുന്നതുമാണ്:

എന്നാൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനം യാതൊരുകാരണവശാലും ഒരു വർഷത്തിൽ കൂടുതൽ ഔദ്യോഗിക സ്ഥാനത്ത് തുടരാൻ പാടുള്ളതല്ല.

** ** ** **